# തദ്ദേശഭരണ സ്ഥാപനങ്ങളും വിദ്യാഭ്യാസവും

കേരള ശാസ്ത്രസാഹിത്യ പരിഷത്ത്

# തദ്ദേശഭരണ സ്ഥാപനങ്ങളും വിദ്യാഭ്യാസവും

കേരള വികസന മാതൃകയുടെ സവിശേഷമായ നേട്ടങ്ങളിലൊന്ന്, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ അടിസ്ഥാന സേവന മേഖലകളിൽ നേടിയെടുക്കാൻ കഴിഞ്ഞ ഉയർന്ന നിലവാരമാണല്ലോ. ഈ മേഖലകളിൽ നിശ്ചയിച്ചിട്ടുള്ള ദേശീയ ലക്ഷ്യങ്ങൾ മിക്കതും ഏറെ വർഷങ്ങൾക്കു മുമ്പുതന്നെ നേടിയെടുക്കാൻ കേരള സമൂഹത്തിനു കഴിഞ്ഞിട്ടുണ്ട്. കേവലം ഒരു നൂറ്റാണ്ടുമുമ്പ് സ്വാമി വിവേകാനന്ദൻ 'ഭ്രാന്താലയ' മെന്ന് വിശേഷിപ്പിച്ച ഈ പ്രദേശം, ആ വിശേഷണത്തിനാധാരമായ ജാതിവ്യവസ്ഥയുടെ ഇരുമ്പറകൾ തകർത്ത് ചെറിയൊരു കാലഘട്ടംകൊണ്ട് ഈയവസ്ഥയിൽ എത്തിയതെങ്ങനെയെന്ന് പരിശോധിക്കുമ്പോഴാണ് കേരളത്തിൽ നടന്നുവന്ന സാമൂഹ്യ വിപ്ലവത്തിലെ വിദ്യാഭ്യാസ ഘടകത്തിൻെറ പ്രാധാന്യം നമുക്ക് ബോധ്യമാകുക. നാരായണഗുരുവിൻെറ നേതൃത്വത്തിലാരംഭിച്ച സമൂഹ പരിഷ്കരണ പ്രസ്ഥാനത്തിൽ ജാതിവ്യവസ്ഥയ്ക്കെതിരായ ആഹ്വാനങ്ങളോടൊപ്പംതന്നെ പ്രാധാന്യം 'വിദ്യകൊണ്ട് ശക്തരാകുക' എന്ന മുദ്രവാക്യത്തിനും ലഭിച്ചു. നാടെങ്ങും വിദ്യാലയങ്ങളാരംഭിക്കാനും തുടർ പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള സാമൂഹ്യ ഇടപെടലിനും ഈ ആഹ്വാനങ്ങൾ വഴിയൊരുക്കിയെന്നത് ചരിത്രത്തിൻെറ ഭാഗമായ വസ്തുതയാണ്.

ഇങ്ങനെ സാമൂഹ്യ നവോത്ഥാന പ്രസ്ഥാനത്തിലൂടെ പാകപ്പെട്ട മണ്ണിലാണ് കേരളത്തിലെ വിദ്യാഭ്യാസ പുരോഗതിയുടെ ഭൗതിക സാഹചര്യമൊരുക്കാൻ ഓരോ പ്രദേശത്തെയും ജനങ്ങൾ കച്ചകെട്ടിയിറങ്ങിയത്. ഈ സാമൂഹ്യ ഇടപെടലിൻെറ അനുഭവകഥകൾ കേരളത്തിലെ ഏത് ഗ്രാമത്തിൽ ചെന്നാലും നമുക്ക് കേൾക്കാനാവും. ജനകീയാസൂത്രണത്തിൻെറ ഭാഗമായി തയ്യാറാക്കിയ പഞ്ചായത്ത് വികസനരേഖകൾ ഈദൃശപ്രവർത്തനങ്ങൾക്ക് നൂറുനൂറുദാഹരണങ്ങൾ വിശദീകരിക്കുന്നു. ഇത്തരം ജനകീയ സംരംഭങ്ങൾക്ക് അതാതിടത്തെ പ്രാദേശിക ഭരണകൂടങ്ങളും നിർണായക സംഭാവനകൾ നൽകിയിട്ടുണ്ട്.

വിദ്യാഭ്യാസരംഗത്ത് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സംഭാവനകളെക്കുറിച്ച് ആലോചിക്കുമ്പോൾ ആദ്യം ഓർമ്മവരിക മലബാർ ഡിസ്ട്രിക്റ്റ് ബോർഡിൻെറ പ്രവർത്തനങ്ങളാണ്. 1954 മുതൽ 58 വരെ പി.റ്റി. ഭാസ്കര പണിക്കരുടെ നേതൃത്വത്തിൽ പ്രവർത്തിച്ച ഡിസ്ട്രിക്ട് ബോർഡാണ് വിദ്യാഭ്യാസപരമായി കേരളത്തിലെ മറ്റു പ്രദേശങ്ങളിൽനിന്ന് ഏറെ പിന്നോക്കമായിരുന്ന മലബാറിലെ വിദ്യാഭ്യാസവിപ്ലവത്തിന് വഴിയൊരുക്കിയത് എന്നു പറഞ്ഞാൽ അതിശയോക്തിയാവില്ല. തങ്ങളുടെ നിയന്ത്രണത്തിലുള്ള വളരെ ചെറിയ ഫണ്ടിൽ നിന്ന് വീതം നൽകിയും നാട്ടുകാരുടെ അധ്വാനവും വിഭവങ്ങളും സമാഹരിച്ചും മലബാറിലെ ഓരോ ഗ്രാമത്തിലും വിദ്യാലയങ്ങൾ സ്ഥാപിക്കുന്നതിന് നേതൃത്വം

കൊടുക്കുവാൻ ജില്ലാ ബോർഡിനു കഴിഞ്ഞു. ഒരൊറ്റ പഞ്ചവത്സര പദ്ധതികൊണ്ട് വിദ്യാഭ്യാസ രംഗത്ത് ഇത്രയേറെ മാറ്റങ്ങളുണ്ടാക്കുവാൻ അതിനുമുമ്പ് ഒരു തദ്ദേശഭരണ സ്ഥാപനത്തിനും കഴിഞ്ഞിട്ടില്ല.

എന്നാൽ പിന്നീടിങ്ങോട്ട് ഐക്യകേരളത്തിൽ വിദ്യാഭ്യാസമേഖല വളരെയേറെ മാറ്റങ്ങൾക്കു വിധേയമായിട്ടുണ്ടെങ്കിലും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് വലിയ പങ്കൊന്നും അതിൽ വഹിക്കാനായില്ല; അതിനുള്ള അധികാരങ്ങളൊന്നും അവയ്ക്കുണ്ടായിരുന്നില്ല-സ്വന്തമായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്താനുള്ള അവകാശം ഒഴിച്ച്. അങ്ങനെ, വിദ്യാലയങ്ങളുടെ മാനേജർമാർ എന്ന നിലയിൽ പ്രവർത്തിക്കുന്ന ഏതാനും തദ്ദേശഭരണ സ്ഥാപനങ്ങളെ മാറ്റിനിർത്തിയാൽ വർഷത്തിലൊരിക്കൽ ഉയർന്ന മാർക്കു നേടുന്ന ഉദ്യോഗാർത്ഥികൾക്ക് ക്യാഷ് അവാർഡ് നൽകുക തുടങ്ങിയ ചില ബാഹ്യസ്പർശങ്ങൾ മാത്രമായിരുന്നു ഈ രംഗത്ത് പഞ്ചായത്തുകളും മറ്റും ചെയ്തു വന്നത്. ഈ സ്ഥിതിയിൽ ഒരു മാറ്റം വരുന്നത് 73, 74 ഭരണഘടനാ ഭേദഗതികൾ പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് വേർതിരിച്ചു നൽകിയ പ്രവർത്തനമേഖലകളിൽ വിദ്യാഭ്യാസവും ഉൾപ്പെട്ടതോടു കൂടിയാണ്.

ഭരണഘടനാ ഭേദഗതികളുടെ അടിസ്ഥാനത്തിൽ കേരള നിയമസഭ പാസാക്കിയ 1994 ലെ പഞ്ചായത്ത് രാജ് മുനിസിപ്പാലിറ്റി നിയമങ്ങൾ, നമ്മുടെ തദ്ദേശഭരണ സ്ഥാപനങ്ങൾ വിദ്യാഭ്യാസ രംഗത്ത് വ്യക്തമായ ചില അധികാരങ്ങൾ നൽകുകയും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ചിലതിനെ അവയുടെ നിയന്ത്രണത്തിലേക്ക് മാറ്റുകയും ചെയ്തു. അങ്ങനെയാണ് സർക്കാർ എൽ.പി. സ്കൂളുകൾ ഗ്രാമപഞ്ചായത്തുകളുടെയും സർക്കാർ യു.പി., ഹൈസ്കൂളുകൾ ജില്ലാ പഞ്ചായത്തുകളുടെയും നിയന്ത്രണത്തിൽ വന്നത്. മുനിസിപ്പൽ കൗൺസിലുകൾക്കും കോർപ്പറേഷനുകൾക്കും ഗവൺമെൻറ് ഉടമയിലുള്ള എൽ.പി. മുതൽ ഹൈസ്കൂൾ വരെയുള്ള എല്ലാ വിദ്യാലയങ്ങളുടെയും നിയന്ത്രണവും ലഭിച്ചു. ഔപചാരിക വിദ്യാഭ്യാസ രംഗത്ത് മാത്രമല്ല, സാക്ഷരതാ പ്രവർത്തനം, വയോജന വിദ്യാഭ്യാസം, ഗ്രന്ഥശാലാ പ്രവർത്തനം തുടങ്ങിയ അനൗപചാരിക വിദ്യാഭ്യാസ മേഖലകളിലും പ്രീ പ്രൈമറി വിദ്യാഭ്യാസ രംഗത്തും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അധികാരം ലഭിക്കുകയുണ്ടായി. ഗ്രന്ഥശാലാ സംഘങ്ങളുടെ നിയന്ത്രണം പൂർണ്ണമായും ജില്ലാ പഞ്ചായത്തുകൾക്കായി.

ഇതിനൊക്കെ പുറമേ ജില്ലാ തലത്തിൽ നടക്കേണ്ട വിദ്യാഭ്യാസ വികസന പ്രവർത്തനങ്ങൾക്കായി ഒരു ജില്ലാതല വിദ്യാഭ്യാസ സമിതിയും 94-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിൽ വ്യവസ്ഥ ചെയ്യുകയുണ്ടായി. (ഷെഡ്യൂൾ 5) ജില്ലാ പഞ്ചായത്തിൻെറ നേതൃത്വത്തിൽ രൂപീകരിക്കേണ്ട ഈ സമിതിക്ക് പ്രൊഫഷണൽ കോളേജുകളൊഴികെ ജില്ലയിലെ മുഴുവൻ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും മേൽനോട്ടത്തിനും ജില്ലയിലെ കോളേജ് തലത്തിലുള്ള വിദ്യാഭ്യാസ വികസന പ്രവർത്തനങ്ങളുടെ പദ്ധതി തയ്യാറാക്കി

നടപ്പാക്കാനും വിദ്യാഭ്യാസ ഗുണമേൻമ ഉറപ്പു വരുത്തുന്നതിനുള്ള സംവിധാനമുണ്ടാക്കാനും ഇതിനായി ജില്ലാ വിദ്യാഭ്യാസ ഫണ്ട് രൂപീകരിക്കുവാനും അധികാരമുണ്ടായിരുന്നു. ഈ വിധത്തിലുള്ള ജില്ലാ വിദ്യാഭ്യാസ സമിതി കേരളത്തിലെ ഒരു ജില്ലാ പഞ്ചായത്തും രൂപീകരിച്ചില്ല എന്നത് വേറെ കാര്യം.

1999–ലെ പഞ്ചായത്ത് രാജ്, മുനിസിപ്പൽ നിയമ ഭേദഗതികൾ, തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വിദ്യാഭ്യാസാധികാരങ്ങളിൽ വീണ്ടും മാറ്റം വരുത്തിയിരിക്കുന്നു. ഇതനുസരിച്ച് യു.പി. സ്കൂളുകൾ ഗ്രാമപഞ്ചായത്തിൻെറ നിയന്ത്രണത്തിൽ വന്നിരിക്കുന്നു. യു.പി. ക്കു മേൽ, പ്ലസ്ടൂ വരെയുള്ള എല്ലാ ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങളും വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളും ജില്ലാ പഞ്ചായത്തിൻെറ നിയന്ത്രണത്തിൽ വന്നിരിക്കുന്നു. അതോടൊപ്പം കോളേജുതല വിദ്യാഭ്യാസ വികസനത്തിനായുള്ള ജില്ലാ വിദ്യാഭ്യാസ സമിതിയെന്ന സങ്കല്പം ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്.

ഏതായാലും മേൽപ്പറഞ്ഞ നിയമങ്ങൾ, സംസ്ഥാനത്തെ മുഴുവൻ സർക്കാർ വിദ്യാലയങ്ങളെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെ അധീനതയിൽ കൊണ്ടുവരികയും ഹയർ സെക്കണ്ടറി വരെയുള്ള വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് മേൽനോട്ട നിയന്ത്രണാധികാരങ്ങൾ നൽകുകയും ചെയ്തു എന്നത് ചെറിയ കാര്യമല്ല. ഈ അധികാരങ്ങൾ കൈയാളുന്നതിൽ സാമ്പത്തിക പരിമിതികൾ തദ്ദേശ ഭരണ സ്ഥാപനങ്ങളെ അലട്ടിയിരുന്നുവെങ്കിലും ജനകീയാസൂത്രണ പ്രസ്ഥാനം വന്നതോടെ ആ പ്രശ്നവും ഒരു പരിധിവരെ പരിഹൃതമായിട്ടുണ്ട്.

## തദ്ദേശഭരണ സ്ഥാപനങ്ങളുടെ അധികാരങ്ങൾ

1999 ലെ പഞ്ചായത്ത് രാജ്, മുനിസിപ്പാലിറ്റി നിയമഭേദഗതികളുടെ അടിസ്ഥാനത്തിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് വിദ്യാഭ്യാസ മേഖലയിലുള്ള അധികാരങ്ങൾ എന്തൊക്കെയെന്ന് നോക്കുക.

### ഗ്രാമപഞ്ചായത്ത്

1. സർക്കാർ പ്രീ പ്രൈമറി സ്കൂളുകളുടെയും പ്രൈമറി സ്കൂളുകളുടെയും നടത്തിപ്പ്

2. സാക്ഷരതാ പരിപാടികൾ നടപ്പാക്കുക.

3. വായനശാലകളുടെയും ഗ്രന്ഥാലയങ്ങളുടെയും നടത്തിപ്പും പ്രോത്സാഹനവും (സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണത്തിനുള്ള അധികാരം ഒഴിവാക്കിയിരിക്കുന്നു).

### ബ്ലോക്ക് പഞ്ചായത്ത്

1. സർക്കാർ വ്യവസായ പരിശീലന സ്ഥാപനങ്ങളുടെ നടത്തിപ്പ്

## ജില്ലാ പഞ്ചായത്ത്

1. സർക്കാർ ഹൈസ്കൂളുകളുടെ നടത്തിപ്പ് (ഹൈസ്കൂളുകളോടൊപ്പമുള്ള ലോവർ പ്രൈമറി, അപ്പർ പ്രൈമറി വിഭാഗങ്ങൾ ഉൾപ്പെടെ)

2. സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളുടെ നടത്തിപ്പ്.

3. സർക്കാർ സാങ്കേതിക സ്കൂളുകളുടെ നടത്തിപ്പ്

4. സർക്കാർ തൊഴിലധിഷ്ഠിത പരിശീലന കേന്ദ്രങ്ങളുടെയും പോളിടെക്നിക്കുകളുടെയും നടത്തിപ്പ്

5. സർക്കാർ തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി സ്കൂളുകളുടെ നടത്തിപ്പ് (VHSC)

6. വിദ്യാഭ്യാസത്തിനും പരിശീലനത്തിനുമുള്ള ജില്ലാ ഇൻസ്റ്റിറ്റ്യൂട്ടുകളുടെ (DIET) നടത്തിപ്പ്.

7. വിദ്യാഭ്യാസം സംബന്ധിച്ച കേന്ദ്ര–സംസ്ഥാന സ്പോൺസേഡ് പരിപാടികളെ ഏകോപിപ്പിക്കുക.

## മുനിസിപ്പാലിറ്റികൾ (മുനിസിപ്പൽ കൗൺസിലുകളും കോർപ്പറേഷനുകളും)

1. സർക്കാർ പ്രീ – പ്രൈമറി സ്കൂളുകളും പ്രൈമറി സ്കൂളുകളും ഹൈസ്കൂളുകളും നടത്തുക.

2. സാക്ഷരതാ പരിപാടികൾ നടപ്പാക്കുക.

3. മുനിസിപ്പൽ പ്രദേശത്തെ സർക്കാർ വ്യവസായ പരിശീലന കേന്ദ്രങ്ങൾ നടത്തുക.

4. മുനിസിപ്പൽ പ്രദേശത്തെ സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകൾ നടത്തുക.

5. മുനിസിപ്പൽ പ്രദേശത്തെ സർക്കാർ ടെക്നിക്കൽ സ്കൂളുകൾ നടത്തുക.

6. മുനിസിപ്പൽ പ്രദേശത്തെ സർക്കാർ തൊഴിലധിഷ്ഠിത പരിശീലന കേന്ദ്രങ്ങളും പോളിടെക്നിക്കുകളും നടത്തുക.

7. മുനിസിപ്പൽ പ്രദേശത്തെ സർക്കാർ തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി സ്കൂളുകൾ നടത്തുക.

താരതമ്യേന ചെറുതല്ലാത്ത അധികാരങ്ങളും അവ കൈയാളുന്നതിനാവശ്യമായ സാമ്പത്തികശേഷിയും കൈവന്നിരിക്കുന്ന സാഹചര്യത്തിൽ, സ്വന്തം പ്രദേശത്തെ വിദ്യാഭ്യാസ മുന്നേറ്റത്തിനായി

ഏതൊക്കെ വിധത്തിൽ ഇടപെടാനാകുമെന്നതാണ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ മുന്നിലുള്ള വെല്ലുവിളി.

വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നടത്തിപ്പും നിയന്ത്രണവും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ അധീനധിയിൽ വന്ന സ്ഥിതിക്ക് ഈ അധികാരങ്ങളെക്കുറിച്ച് വ്യക്തമായ ധാരണ നമുക്കുണ്ടാവേണ്ടതുണ്ട്. ഉദാഹരണമായി, വിദ്യാലയങ്ങളുടെ നടത്തിപ്പ് എന്ന അധികാരമെടുക്കുക. എന്താണ് നടത്തിപ്പ് അല്ലെങ്കിൽ നിയന്ത്രണം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്! നിയമത്തിൽ അത് വ്യക്തമാക്കുന്നില്ല. എന്നാൽ, സംസ്ഥാന വിദ്യാഭ്യാസ വകുപ്പ് ഇതു സംബന്ധിച്ച് 1996-ൽ പുറപ്പെടുവിച്ച ഉത്തരവിൽ നാല് കാര്യങ്ങളാണ് പറയുന്നത്.

1. അധ്യാപക - അധ്യാപകേതര ജീവനക്കാർ അവരുടെ ചുമതലകൾ നിർവഹിക്കുന്നുണ്ടോ എന്ന് പരിശോധിക്കുകയും വിലയിരുത്തുകയും ചെയ്യുക.

2. സ്കൂളുകളുടെ സുഗമവും ക്രിയാത്മകവുമായ പ്രവർത്തനത്തിന് വിഘാതമായി നിൽക്കുന്ന അധ്യാപക - അധ്യാപകേതര ജീവനക്കാരുടെമേൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതിന് ഉപവിദ്യാഭ്യാസ ഡയറക്ടറോട് ശുപാർശ ചെയ്യുക.

3. വർഷാരംഭത്തിൽ തന്നെ സ്കൂളുകളിൽ ഉണ്ടാകുന്ന അധ്യാപകരുടെ ഒഴിവുകൾ പി.എസ്.സി. മുഖാന്തിരമോ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് വഴിയോ ഉപവിദ്യാഭ്യാസ ഡയറക്ടറെക്കൊണ്ട് നികത്തിപ്പിക്കുക.

4. സ്കൂളുകളിൽ നിന്നും കുട്ടികൾ പഠനം അവസാനിപ്പിച്ച് കൊഴിഞ്ഞു പോകുന്നത് തടയാനുള്ള നടപടി, വകുപ്പുദ്യോഗസ്ഥന്മാരുടെ സഹായത്തോടെ നടപ്പിലാക്കുക.

ഇതിനു പുറമേ, ഉച്ച ഭക്ഷണ വിതരണ പരിപാടി ഫലപ്രദമായി നടത്താനുള്ള ക്രമീകരണങ്ങൾ ചെയ്യാനും സ്കൂൾ കോംപ്ലക്സ്, ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള മറ്റു പരിപാടികൾ എന്നിവയ്ക്ക് നേതൃത്വം കൊടുക്കാനുമുള്ള ഉത്തരവാദിത്തവും ഗ്രാമ പഞ്ചായത്തുകൾക്കു നൽകിയിരിക്കുന്നു. മുനിസിപ്പാലിറ്റികൾക്കും ജില്ലാ പഞ്ചായത്തുകൾക്കും തത്തുല്യമായ അധികാരങ്ങൾ പൊതു വിദ്യാഭ്യാസ വകുപ്പ് നിർദ്ദേശിച്ചിട്ടുണ്ട്.

ജനകീയാസൂത്രണ പ്രസ്ഥാനം അംഗീകരിച്ചിരിക്കുന്ന മാർഗ്ഗരേഖകൾ പ്രകാരം, ഏതെങ്കിലും ഒരു തലത്തിൻെറ അധികാര പരിധിയിൽ വരുന്ന സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് മറ്റു തലങ്ങൾക്കു പദ്ധതി തയ്യാറാക്കാം - ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനത്തിൻെറ അനുമതിയോടെ വേണമെന്നു മാത്രം. അങ്ങനെ വരുമ്പോൾ, വിദ്യാഭ്യാസ മേഖലയിൽ ഏതെങ്കിലും കാര്യം ചെയ്യുന്നതിന്

തങ്ങൾക്ക് അധികാരമില്ല എന്ന് ഒരു തദ്ദേശ ഭരണ സ്ഥാപനത്തിനും പരാതിയുണ്ടാകേണ്ട കാര്യമില്ല. തങ്ങളുടെ അധികാര പരിധിക്കു പുറത്തുള്ള സ്ഥാപനവുമായി ബന്ധപ്പെട്ട പ്രവർത്തനമാണെങ്കിൽ ആ തദ്ദേശഭരണ സ്ഥാപനവുമായി സഹകരിച്ച് പദ്ധതി തയ്യാറാക്കിയാൽ മതി. ചുരുക്കത്തിൽ, ഏതു ഗ്രാമ പഞ്ചായത്തിനും മുനിസിപ്പാലിറ്റിക്കും തങ്ങളുടെ പരിധിയിൽ വിദ്യാഭ്യാസ വികസനത്തിനായി ഏതു പ്രവർത്തന പരിപാടിയും തയ്യാറാക്കി നടപ്പാക്കാൻ കഴിയുമെന്നർഥം.

## വിദ്യാഭ്യാസ വികസനം - പ്രാദേശിക പരിപ്രേക്ഷ്യം

സ്കൂൾ തലത്തിലുള്ള വിദ്യാഭ്യാസ വികസനത്തിൻെറ പൂർണ്ണ ചുമതലയുള്ള ഭരണകൂടമെന്ന നിലയിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അതതു പ്രദേശത്തെ വിദ്യാഭ്യാസ വികസനത്തെ സംബന്ധിച്ച പരിപ്രേക്ഷ്യം രൂപപ്പെടുത്തേണ്ടതുണ്ട്. പത്തോ പതിനഞ്ചോ വർഷം കഴിയുമ്പോൾ പഞ്ചായത്തിലെ വിദ്യാഭ്യാസ നിലവാരം എന്തായിരിക്കണം എന്ന് ഓരോ പഞ്ചായത്തും നിശ്ചയിക്കണം. ഈ ദീർഘകാല ലക്ഷ്യത്തിൻെറ അടിസ്ഥാനത്തിലാവണം വിദ്യാഭ്യാസ വികസനത്തിനായുള്ള പഞ്ചവത്സര പദ്ധതികളും വാർഷിക പദ്ധതികളും തയ്യാറാക്കേണ്ടത്.

പൊതുവേ വിദ്യാഭ്യാസമെന്ന് പറയുമ്പോൾ ഔപചാരിക സ്കൂൾ വിദ്യാഭ്യാസം മാത്രമാണ് പരിഗണിക്കപ്പെടാറുള്ളത്. എന്നാൽ, പ്രീസ്കൂൾ വിദ്യാഭ്യാസം, സ്കൂൾ വിദ്യാഭ്യാസം, അനൗപചാരിക വിദ്യാഭ്യാസം എന്നീ മേഖലകളെയെല്ലാം പരിഗണിച്ചുകൊണ്ടുള്ള സമഗ്ര പരിപാടിയാണ് നാം ലക്ഷ്യമിടേണ്ടത്. ഇത്തരത്തിൽ ഒരു വിദ്യാഭ്യാസ പരിപ്രേക്ഷ്യം തയ്യാറാക്കുക എന്നത് വളരെ എളുപ്പത്തിൽ ചെയ്യാവുന്ന കാര്യമല്ല. അതിന്, പഞ്ചായത്തിലെ നിലവിലുള്ള വിദ്യാഭ്യാസ സംവിധാനത്തെക്കുറിച്ച്, അതിൻെറ പരിമിതികളെക്കുറിച്ച്, അതിൻെറ ഗുണനിലവാരത്തെക്കുറിച്ച് ഒക്കെ നല്ല ധാരണ വേണം. ഈ ധാരണയുണ്ടാക്കുന്ന പ്രവർത്തനത്തെ വിദ്യാഭ്യാസസ്ഥിതിപഠനം എന്നു വിളിക്കാം. ഈ പഠനത്തിലൂടെ രൂപപ്പെടുന്ന വിദ്യാഭ്യാസ അവലോകന റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ, ഭാവിയിലെ വിദ്യാഭ്യാസ വികസന ലക്ഷ്യങ്ങൾ നിർണയിക്കാനാവും. അതിൻെറ അടിസ്ഥാനത്തിൽ പ്രവർത്തന പരിപാടികൾ രൂപപ്പെടുത്താനുമാവും.

ഉദാഹരണമായി, ഒരു പഞ്ചായത്ത് പത്ത് വർഷത്തിനുള്ളിൽ താഴെ പറയുന്ന നേട്ടങ്ങളാണ് ലക്ഷ്യമിടുന്നതെന്ന് വിചാരിക്കുക.

- 3-4 വയസ് പ്രായമുള്ള മുഴുവൻ കുട്ടികളെയും അങ്കണവാടികളിലെത്തിക്കും.

- ഏതു കുട്ടിക്കും 1 കി. മീറ്ററിനുള്ളിൽ അങ്കൺവാടി സൗകര്യം ലഭ്യമാക്കും.

• എല്ലാ അങ്കൺവാടികൾക്കും സ്വന്തം കെട്ടിടവും മറ്റടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കും.

• പഞ്ചായത്തിൽ നിന്ന് എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് ഹാജരാകുന്ന മുഴുവൻ കുട്ടികളെയും ജയിപ്പിക്കും, 50 ശതമാനം കുട്ടികൾക്കെങ്കിലും ഫസ്റ്റ് ക്ലാസ് ഉണ്ടായിരിക്കണം.

• 60 വയസിൽ താഴെയുള്ള മുഴുവൻ പൗരൻമാർക്കും സാക്ഷരത ഉറപ്പു വരുത്തും.

10 വർഷത്തിനുള്ളിൽ ഈ ലക്ഷ്യം നേടാൻ കഴിയണമെങ്കിൽ അടുത്ത ഓരോ വർഷവും എന്തൊക്കെ കാര്യങ്ങൾ ചെയ്യണമെന്നതിൻെറ വിശദാംശങ്ങൾ തീരുമാനിക്കേണ്ടിവരും. അതിനായി എത്ര അങ്കൺവാടികൾ പുതുതായി സ്ഥാപിക്കണം, എത്ര കെട്ടിടങ്ങൾ പുതുതായി നിർമ്മിക്കണം, സ്കൂളുകളിലെ പഠന നിലവാരം മെച്ചപ്പെടുത്താൻ എന്തൊക്കെ കാര്യങ്ങൾ ചെയ്യണം, അധ്യാപകർക്കായി എത്ര പുനഃപരിശീലനം ആസൂത്രണം ചെയ്യണം, നിരക്ഷരരെ സാക്ഷരരാക്കാൻ എന്തൊക്കെ പരിപാടികളുണ്ടാക്കണം എന്നിങ്ങനെ നിരവധി വിശദാംശങ്ങൾ ഇതിനായി തയ്യാറാക്കേണ്ടി വരും. ഇതിൻെറ അടിസ്ഥാനത്തിലാണ് ചിട്ടയായി ഓരോ പ്രവർത്തനവും ഏറ്റെടുക്കേണ്ടത്. നടത്തുന്ന ഓരോ പ്രവർത്തനവും മുൻകൂട്ടി തീരുമാനിക്കുന്ന ലക്ഷ്യവുമായി ബന്ധിപ്പിക്കാനും കഴിയണം. ജനകീയാസൂത്രണത്തിൻെറ ഭാഗമായി തയ്യാറാക്കിയ വികസന മേഖലയിൽ ഓരോ പഞ്ചായത്തിലെയും വിദ്യാഭ്യാസ രംഗത്തെക്കുറിച്ച് ഒരു ലഘു അവലോകനം നടത്തിയിട്ടുണ്ടെങ്കിലും സമഗ്രമായ ഒരു വിദ്യാഭ്യാസ പരിപാടി തയ്യാറാക്കാനാവശ്യമായ വിശദാംശങ്ങളോടെ Eduational Status Report തയ്യാറാക്കാൻ ബഹുഭൂരിഭാഗം തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും കഴിഞ്ഞിട്ടില്ല. എന്നാൽ, ഇന്നിപ്പോൾ അത്തരം ചില മാതൃകകൾ നമുക്ക് ലഭ്യമാണ്. മയ്യിൽ, ഒഞ്ചിയം, മാടക്കത്തറ, കുമരകം, മെഴുവേലി എന്നീ പഞ്ചായത്തുകൾ വിശദമായ വിദ്യാഭ്യാസ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കി കഴിഞ്ഞിട്ടുണ്ട്.

## തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഇടപെടൽ മുന്നനുഭവങ്ങൾ

വിദ്യാഭ്യാസ വികസനത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഏതൊക്കെ വിധത്തിൽ ഇടപെടാൻ കഴിയുമെന്നതിന് സമീപകാല മാതൃകകൾ ധാരാളമുണ്ട് നമ്മുടെ മുന്നിൽ. 1992-ൽ നിലവിൽ വന്ന ജില്ലാ കൗൺസിലുകളാണ് വിദ്യാഭ്യാസത്തിൻെറ ഗുണനിലവാരം ഉയർത്തുന്നതിനുവേണ്ടി ജനപങ്കാളിത്തത്തോടുകൂടി വിവിധ പരിപാടികൾ നടപ്പിലാക്കി മാതൃക കാണിച്ചത്. കണ്ണൂർ ജില്ലാ കൗൺസിലിൻെറ ആഭിമുഖ്യത്തിൽ തുടക്കം കുറിച്ച ശിവപുരം ഹൈസ്ക്കൂൾ കോംപ്ലക്സാണ് ഇതിൽ ആദ്യത്തേത്. പഠനോപകരണ നിർമ്മാണ ശില്പശാല, അധ്യാപക സംഗമങ്ങൾ, പുനഃപരിശീലനം കുട്ടികളുടെ സഹവാസ ക്യാമ്പുകൾ തുടങ്ങി ആകർഷകമായ നിരവധി

പ്രവർത്തനങ്ങൾ ഇതിൻെറ ഭാഗമായി നടന്നു. കാസർഗോഡ് ജില്ലാ കൗൺസിലിൻെറ നേതൃത്വത്തിൽ 93-94 ൽ നടപ്പാക്കിയ അക്ഷരപ്പുലരി, മലപ്പുറം ജില്ലാ കൗൺസിലിൻെറ ആഭിമുഖ്യത്തിൽ നടന്ന 'അമ്മതൻ മണിക്കുട്ടൻ' എന്നീ പരിപാടികൾ വളരെ ശ്രദ്ധേയമായ വിവരം കൈവരിച്ചു. ഇവയൊക്കെതന്നെ പ്രോജക്ട് സമീപനത്തോടെ വിശദമായ ചർച്ചയുടെ അടിസ്ഥാനത്തിൽ മുൻകൂട്ടി രൂപകൽപന ചെയ്ത പരിപാടികളായിരുന്നു. ജനകീയ സംവിധാനങ്ങളെയും ഔദ്യോഗിക സംവിധാനങ്ങളെയും സംയോജിപ്പിച്ചുകൊണ്ട് എല്ലാത്തരം സാധ്യതകളെയും പ്രയോജനപ്പെടുത്താൻ കഴിഞ്ഞു എന്നത് ഈ പരിപാടികളുടെ വിജയത്തിന് അടിസ്ഥാനമായി.

ശിവപുരം കോംപ്ലക്സിൻെറ അനുഭവ പാഠങ്ങളാണ് പഞ്ചായത്ത് തലത്തിലുള്ള സ്കൂൾ കോംപ്ലക്സുകൾക്ക് വഴിതെളിച്ചത്. ഒരു ഹൈസ്കൂൾ കേന്ദ്രമാക്കി അതിൻെറ ഫീഡർ, സ്കൂളുകളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള സ്കൂൾ കോംപ്ലക്സ് പ്രയോഗ തലത്തിൽ നേരിട്ട ഒട്ടേറെ പ്രശ്നങ്ങൾ പഞ്ചായത്ത് തലത്തിലുള്ള സ്കൂൾ കോംപ്ലക്സുകൾക്ക് പരിഹരിക്കാനാവുമെന്ന തിരിച്ചറിവ് തൊട്ടടുത്ത വർഷം കല്ല്യാശേരി പഞ്ചായത്ത്. സ്കൂൾ കോംപ്ലക്സ്, മടിക്കൈ പഞ്ചായത്ത് സ്കൂൾ കോംപ്ലക്സ് എന്നിവയുടെ രൂപീകരണത്തിലേക്ക് നയിച്ചത്. മൂല്യനിർണയ രീതികൾ പല പുതുമകളും പരീക്ഷിച്ചു കൊണ്ടാണ് കല്ല്യാശ്ശേരി കോംപ്ലക്സ് മുന്നേറിയത്. പ്രാദേശിക വൈദഗ്ധ്യത്തെ വിദ്യാഭ്യാസ രംഗത്ത് പ്രയോജനപ്പെടുത്തി എന്നതാണ് മടിക്കൈ കോംപ്ലക്സിൻെറ സവിശേഷത.

പഞ്ചായത്ത് സ്കൂൾ കോംപ്ലക്സുകളുടെ പ്രയോഗ ക്ഷമത, ഈ മാതൃക കൂടുതൽ പഞ്ചായത്തുകളിലേക്ക് വ്യാപിക്കാൻ ഇടയാക്കി. കണ്ണൂർ ജില്ലയിലെ ധർമടം പഞ്ചായത്ത് സ്കൂൾ കോംപ്ലക്സ് മോണിറ്ററിംഗിലെ സമൂഹ പങ്കാളിത്തംകൊണ്ട് ശ്രദ്ധ പിടിച്ചുപറ്റി. സമൂഹിക മോണിറ്ററിംഗ്, പീർ ഗ്രൂപ്പ്, മോണിറ്ററിംഗ് തുടങ്ങിയ രീതികൾ ഇവിടെ ഫലപ്രദമായി പരീക്ഷിക്കപ്പെട്ടു. തൃശൂർ ജില്ലയിലെ പടിയൂർ പഞ്ചായത്ത് കോംപ്ലക്സ് പുതിയ മോഡ്യൂളുകൾ തയ്യാറാക്കിക്കൊണ്ടാണ് മാതൃക കാണിച്ചത്. പത്തനംതിട്ട ജില്ലയിലെ മെഴുവേലി പഞ്ചായത്തിലാകട്ടെ അധ്യാപക പരിശീലനം, കോംപ്ലക്സ് വാർഷികം തുടങ്ങിയ പരിപാടികൾക്ക് കൂടുതൽ ഊന്നൽ നൽകി. തുടർന്നങ്ങോട്ട് പഞ്ചായത്തുതല സ്കൂൾ കോംപ്ലക്സുകളുടെ തരംഗം വ്യാപകമായി. പെരിഞ്ഞനം, നെല്ലിക്കുഴി, പയ്യോളി, പറയംചേരി, താമരശ്ശേരി.... ഇന്നിപ്പോൾ സംസ്ഥാനത്തിലാകെ നൂറിൽപ്പരം സ്കൂൾ കോംപ്ലക്സുകൾ പ്രവർത്തിക്കുന്നുണ്ടാകുമെന്നാണ് മതിപ്പു കണക്ക്. ഇവയുടെയെല്ലാം പ്രത്യേകത ചിട്ടയായ വാർഷിക പരിപാടികൾ തയ്യാറാക്കിക്കൊണ്ടും ജനകീയതലം വികസിപ്പിച്ചു കൊണ്ടുമാണ് പ്രവർത്തിക്കുന്നതെന്നാണ്.

വിദ്യാഭ്യാസ വികസനത്തിനായുള്ള ബ്ലോക്കുതല പരിപാടിക്ക്

ഉജ്വലമായ മാതൃക നൽകിയത് കോഴിക്കോടു ജില്ലയിലെ തോടന്നൂർ ബ്ലോക്കു പഞ്ചായത്താണ്. 1996–97 ൽ ആരംഭിച്ച തോടന്നൂർ ബ്ലോക്ക് വിദ്യാഭ്യാസ പരിപാടി ഒട്ടേറെ സവിശേഷതകളുള്ളതാണ്. ബ്ലോക്ക് പഞ്ചായത്തിന് വിദ്യാഭ്യാസ മേഖലയിൽ അധികാരമൊന്നുമില്ലാത്ത സാഹചര്യത്തിലാണ് ഈ പരിപാടി രൂപപ്പെടുത്തിയതെന്നോർക്കുക. അധ്യാപകർ, രക്ഷിതാക്കൾ, മാനേജർമാർ, ജനപ്രതിനിധികൾ എന്നിവരുടെ കൂട്ടായ്മയും മുഴുവൻ പ്രവർത്തനങ്ങളിലും വമ്പിച്ച ജനപങ്കാളിത്തവും ഈ പരിപാടിയുടെ പ്രത്യേകതകളായിരുന്നു. ബ്ലോക്ക് പഞ്ചായത്തും അതിന്റെ പരിധിയിലുള്ള ഗ്രാമപഞ്ചായത്തുകളും തമ്മിൽ പദ്ധതി പ്രവർത്തനത്തിലുണ്ടാകേണ്ട സഹവർത്തിത്വത്തിനും അവർ മാതൃകയായി. അവധിക്കാലത്ത് അധ്യാപക പരിശീലനം നടത്താനുള്ള തീരുമാന മെടുക്കത്തക്ക വിധത്തിലുള്ള ആത്മവിശ്വാസം ഇതിന്റെ സംഘാട കർക്കുണ്ടായിരുന്നു. അത് അസ്ഥാനത്തായിരുന്നില്ലെന്ന് അവധിക്കാല പരിശീലനത്തിലെ അധ്യാപകരുടെ വർദ്ധിച്ച പങ്കാളിത്തം തെളിയിച്ചു.

അധ്യാപകർക്ക് വിഷയാടിസ്ഥാനത്തിൽ പരിശീലനങ്ങൾ, മൂല്യനിർണയ ശില്പശാലകൾ, പഠനോപകരണ നിർമ്മാണം, ദൃശ്യശ്രാവ്യ ഉപകരണങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കൽ, സഹവാസ ക്യാമ്പുകൾ, ബ്ലോക്കിലെ എല്ലാ വിദ്യാലയങ്ങളിലും പൊതുവായ ചോദ്യക്കടലാസുകൾ, പ്രതിമാസ മോണിറ്ററിംഗ് സംവിധാനം ......... ഇങ്ങനെ നിരവധി ഘടകങ്ങൾ തോടന്നൂർ പരിപാടിക്കുണ്ടായിരുന്നു. ഈ കൂട്ടായ്മയുടെ വിജയം ഏറ്റവും പ്രകടമായത് എസ്.എസ്.എൽ.സി. വിജയശതമാനം വർദ്ധിപ്പി ക്കുന്നതിനുള്ള 'വിജയരഥം' എന്ന പരിപാടിയിലായിരുന്നു. മൊത്തം വിജയശതമാനം 25 ൽ നിന്ന് 41 ലേക്ക് ഉയർന്നു എന്നു മാത്രമല്ല ബ്ലോക്കിലെ ഏഴ് ഹൈസ്കൂളിലും ഈ വർദ്ധനവുണ്ടാകാൻ വിജയരഥം പരിപാടിക്കു കഴിഞ്ഞു. കോഴിക്കോടു ജില്ലയിലാകെ വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ സ്വാധീനം ചെലുത്താൻ തോടന്നൂർ മാതൃകയ്ക്ക് കഴിഞ്ഞിട്ടുണ്ട്.

കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ച 'ഗുരുകുലം', പാലക്കാടു ജില്ലാ പഞ്ചായത്തിന്റെ 'ഹരിശ്രീ', തിരുവനന്തപുരം പഞ്ചായത്തിന്റെ 'വിദ്യാജ്യോതി' എന്നിങ്ങനെ പരീക്ഷണങ്ങളിനിയും ഏറെയുണ്ട്. എന്നാൽ ഈ പരിപാടികൾക്കൊക്കെ കാണാവുന്ന ഒരു പ്രത്യേകത പ്രവർത്തനങ്ങളുടെ തുടർച്ചയും നൈരന്തര്യവും നിലനിർത്താനാവുന്നില്ല എന്നതാണ്. തുടർ നിലനിൽപ്പിൽ താരതമ്യേന മെച്ചം, ഗ്രാമപഞ്ചായത്തു തലത്തിൽ ആരംഭിച്ച സ്കൂൾ കോംപ്ലക്സു കളാണ്, അതിനാൽ ഇനിയങ്ങോട്ട് പുതിയ മാതൃകകളുണ്ടാക്കാൻ ശ്രമിക്കുന്നതോടൊപ്പം അവയുടെ തുടർ നിലനിൽപ്പും കാര്യമായി ശ്രദ്ധി ക്കേണ്ടിയിരിക്കുന്നു. പ്രവർത്തനങ്ങൾ തുടർ നിലനിൽപ്പുള്ള വയാകണമെങ്കിൽ അവയെ വ്യവസ്ഥാപിതമാക്കണം; അതിനു പറ്റിയ സ്ഥിരസ്വഭാവമുള്ള സംഘടനാ രൂപങ്ങളുണ്ടാവണം. പട്ടണ പ്രദേശങ്ങളിൽ

ഈ വിധത്തിലുള്ള പരീക്ഷണങ്ങൾ ഒട്ടും വേരു പിടിക്കുന്നില്ല എന്നത്, ശ്രദ്ധിക്കേണ്ട മറ്റൊരു സംഗതിയാണ്.

## തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് എന്തൊക്കെ ചെയ്യാം?

തദ്ദേശ ഭരണ സ്ഥാപനങ്ങൾ വിദ്യാഭ്യാസ മേഖലയിൽ നടത്തിയ ഇടപെടലുകളുടെ മുന്നനുഭവങ്ങളിൽ മിക്കവാറും എല്ലാംതന്നെ സ്കൂൾ വിദ്യാഭ്യാസത്തിൻെറ ഗുണനിലവാരം ഉയർത്തുന്നതിനുള്ള ശ്രമങ്ങളാണെന്നു കാണാം. ഇവയിൽ പലതും ആരംഭിച്ചത് ജനകീയാസൂത്രണ പ്രസ്ഥാനം ആരംഭിക്കുന്നതിനു മുമ്പാണുതാനും. മറ്റു കാര്യങ്ങൾ ചെയ്യുന്നതിനുള്ള അധികാര പരിമിതിയും സാമ്പത്തിക പരിമിതിയും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം അക്കാദമിക മേഖലയിൽ മാത്രം ഒതുക്കിയില്ലേ എന്ന് സംശയിക്കാവുന്നതാണ്. ഏതായാലും ഇന്ന് അത്തരം പരിമിതികളില്ല എന്നു നാം കണ്ടു. ഈ സാഹചര്യത്തിൽ പ്രാദേശിക തലത്തിലുള്ള വിദ്യാഭ്യാസ വികസനത്തിനായി ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് നോക്കാം.

### പ്രീ സ്കൂൾ വിദ്യാഭ്യാസം

സാമൂഹ്യ ക്ഷേമപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടാണ് പ്രീ സ്കൂൾ വിദ്യാഭ്യാസ മേഖലയിലെ പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കേണ്ടത്.

#### 1. ആയിരം ജനങ്ങൾക്ക് ഒരു നഴ്സറി സ്കൂൾ / അങ്കൺവാടി

ആയിരം ജനങ്ങൾക്ക് ഒരു അങ്കൺവാടി സ്ഥാപിക്കുക എന്നുള്ളതാണ് ദേശീയ ലക്ഷ്യം. എന്നാൽ നമ്മുടെ പല പഞ്ചായത്തുകൾക്കും ഈ ലക്ഷ്യം നേടാൻ കഴിഞ്ഞിട്ടില്ല. ഈ ലക്ഷ്യം നേടുന്നതിനാണ് പദ്ധതി. പിന്നീട് ഇവ സാമൂഹ്യക്ഷേമ വകുപ്പിൻെറ അംഗീകാരം കിട്ടുന്ന മുറയ്ക്ക് അങ്കൺവാടികളാക്കി മാറ്റാവുന്നതാണ്.

#### 2. എല്ലാ അങ്കൺവാടികൾക്കും സ്വന്തം കെട്ടിടം

അങ്കൺവാടികൾ യഥാർത്ഥത്തിൽ മുറ്റത്തെ പൂന്തോട്ടങ്ങളായി മാറണമെങ്കിൽ അവയ്ക്ക് ആകർഷകമായ, കുട്ടികൾക്ക് കളിക്കാനും മറ്റും സൗകര്യമുള്ള കെട്ടിടങ്ങൾ വേണം. ഇത്തരം കെട്ടിടങ്ങൾ ഉണ്ടാക്കാനുള്ള സമയ ബന്ധിത പരിപാടി ആവിഷ്ക്കരിക്കാവുന്നതാണ്.

#### 3. അങ്കൺവാടി/നഴ്സറി അധ്യാപികമാർക്ക് വിഭവ കേന്ദ്രം

പുതിയ കളികളെക്കുറിച്ചും പ്രവർത്തനങ്ങളെക്കുറിച്ചും നിരന്തരമായ ആശയലഭ്യത ശിശുവിദ്യാഭ്യാസത്തെ മുന്നോട്ടു നയിക്കാനാവശ്യമാണ്. പഞ്ചായത്തിലെ മുഴുവൻ നഴ്സറി അധ്യാപികമാർക്കും തുടർച്ചയായി പരിശീലനങ്ങൾ നൽകുന്നതിനും ഇതിനായുള്ള മാതൃക രൂപപ്പെടുത്തുന്നതിനും വളരെ പ്രാധാന്യമുണ്ട്. കാസർഗോഡ് ജില്ലയിലെ കയ്യൂർ, ചീമേനി ഗ്രാമപഞ്ചായത്ത് ഈ രംഗത്ത് നടത്തിയ

പ്രവർത്തനങ്ങളും അതിനുവേണ്ടി തയ്യാറാക്കിയ കൈപ്പുസ്തകവും ശ്രദ്ധേയമാണ്.

### 4. നഴ്സറികൾക്ക് കളിപ്പാട്ടം

കുതിരപ്പുറത്തിരുന്നാടുന്ന ഒരു കുട്ടിയും അത് നോക്കി കൊതിപൂണ്ടിരിക്കുന്ന മറ്റു കുട്ടികളും ഏത് അങ്കൺവാടിയിലേയും പതിവു കാഴ്ചയാണ്. ഈ കുറവ് പരിഹരിക്കാൻ ആവശ്യമായ എണ്ണം കളിഉപകരണങ്ങൾ എല്ലാ നഴ്സറികളിലും/അങ്കൺവാടികളിലും ലഭ്യമാക്കേണ്ടതുണ്ട്.

### 5. നഴ്സറി കലാമേള

കൊച്ചുകുട്ടികളിലെ കലാവാസനയെ ചെറുപ്പത്തിൽ തന്നെ കണ്ടെത്താനും പോഷിപ്പിക്കാനും ഇത്തരം പരിപാടികൾ സഹായിക്കും.

### 6. നഴ്സറികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ

കുടിവെള്ളം, കക്കൂസ്, മൂത്രപ്പുര, പാചകപ്പുര, കിടപ്പുപകരണങ്ങൾ ഇവയൊക്കെ ശിശുവിദ്യാലയങ്ങളുടെ അടിസ്ഥാനാവശ്യങ്ങളായി കണ്ട് അവ എല്ലാ ശിശുവിദ്യാലയങ്ങൾക്കും ലഭ്യമാക്കേണ്ടതാണ്.

## സ്കൂൾ വിദ്യാഭ്യാസം

### 7. പഞ്ചായത്ത്/മുനിസിപ്പൽ സ്കൂൾ കോംപ്ലക്സ്

പഞ്ചായത്തിലെ മുഴുവൻ വിദ്യാലയങ്ങളെയും ഉൾക്കൊള്ളിച്ചുകൊണ്ടും ഒരു ഹൈസ്കൂൾ /ഹയർ സെക്കണ്ടറി സ്കൂൾ കേന്ദ്രമാക്കിക്കൊണ്ടും വിദ്യാഭ്യാസ ഗുണമേൻമ വർധിപ്പിക്കാനായി സംഘടിപ്പിക്കുന്ന മൊത്തം പ്രവർത്തന പരിപാടിയാണ് സ്കൂൾ കോംപ്ലക്സ്. ഔദ്യോഗിക സംവിധാനങ്ങളെയും ജനകീയ സംവിധാനങ്ങളെയും കൂട്ടിയോജിപ്പിച്ച് ഏറ്റവും ഫലപ്രദമായി ഏതു പഞ്ചായത്തിലും സംഘടിപ്പിക്കാവുന്ന ഒരു പരിപാടിയാണിത്. കോംപ്ലക്സ് പരിപാടിയിൽ ഉൾപ്പെടുത്തിക്കൊണ്ട് അധ്യാപക പരിശീലനം, കുട്ടികൾക്കുള്ള വിവിധ പരിപാടികൾ, പഠനയാത്രകൾ, പഠനോപകരണ നിർമാണം തുടങ്ങിയ ഇനങ്ങൾക്ക് പ്രത്യേകം പ്രത്യേകം പ്രൊജക്ടുകൾ തയ്യാറാക്കാവുന്നതാണ്.

### 8. പരിഹാര ബോധനം

പിന്നോക്കം നിൽക്കുന്ന വിദ്യാർഥികളെ മറ്റു വിദ്യാർഥികളോടൊപ്പമെത്തിക്കുന്നതിനുള്ള പ്രവർത്തനമാണിത്. ഓരോ സ്കൂളിലും പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി അവർക്കൊരു നിശ്ചിത കാലത്തേക്ക് (ഉദാ:- ഒരു മാസം) പ്രത്യേക ബോധനപരിപാടി രൂപപ്പെടുത്താവുന്നതാണ്.

### 9. പഠനോപകരണ നിർമാണം

മെച്ചപ്പെട്ട പഠനോപകരണങ്ങൾക്ക് പുതിയ വിദ്യാഭ്യാസ രീതിയിൽ വലിയ പ്രാധാന്യമുണ്ട്. പഞ്ചായത്തിലെ മുഴുവൻ വിദ്യാലയങ്ങളിലും ആവശ്യമായ പഠനോപകരണങ്ങൾ ലഭ്യമാക്കുന്നതിനാണീ പരിപാടി. പഠനോപകരണങ്ങൾ വാങ്ങി വിതരണം ചെയ്യുന്നതിനേക്കാൾ ഗുണനിലവാരമുള്ളതും ചെലവുകുറഞ്ഞതുമായ പഠനോപകരണങ്ങൾ ശിൽപശാലകളിൽ നിർമ്മിക്കുന്നതാവും ഉചിതം.

### 10. പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ

സാഹിത്യസമാജം, കൈയെഴുത്തുമാസിക, സയൻസ്ക്ലബ്, സ്കൂൾ ലൈബ്രറി, ക്ലാസ്റൂം ആകർഷകമാക്കൽ, ഹെൽത്ത് ക്ലബ്, ഗണിതക്ലബ്, നേച്ചർ ക്ലബ്, സ്കൂൾ വാർഷികം എന്നിങ്ങനെ സ്കൂളുകളിൽ നടത്തേണ്ട നിരവധി പാഠ്യാനുബന്ധ പ്രവർത്തനങ്ങളുണ്ട്. ഇവയൊക്കെ പഞ്ചായത്തിലെ മുഴുവൻ വിദ്യാലയങ്ങളിലും സംഘടിപ്പിക്കാനുള്ള ഒരു പടിപാടിക്ക് പഞ്ചായത്തിനു നേതൃത്വം നൽകാവുന്നതാണ്.

### 11. അസംബ്ലി കൈപുസ്തകം തയ്യാറാക്കൽ

സ്കൂൾ ഹെഡ്മാസ്റ്റർമാർക്കും, അധ്യാപകർക്കും സ്കൂൾ അസംബ്ലികൾ ഭംഗിയായി കൈകാര്യം ചെയ്യണമെങ്കിൽ ഓരോ അസംബ്ലി ദിനത്തിലും അവതരിപ്പിക്കേണ്ട കാര്യങ്ങളെക്കുറിച്ച് ധാരണയുണ്ടാകണം. സ്കൂൾ അസംബ്ലിക്ക് ഒരു വാർഷിക കലണ്ടറും അതുപ്രകാരം ഓരോ ആഴ്ചയും അവതരിപ്പിക്കേണ്ട വിഷയങ്ങളും മുൻകൂട്ടി തീരുമാനിക്കാം. അതിന് സഹായകമാകണം കൈപുസ്തകം.

### 12. ദേശീയദിനാചരണങ്ങൾ

സ്വാതന്ത്ര്യദിനം, ശിശുദിനം, അധ്യാപകദിനം എന്നിങ്ങനെ പല ദേശീയദിനാചരണങ്ങളും വിദ്യാലയങ്ങളിൽ നടക്കേണ്ടതുണ്ട്. ഓരോന്നിനും പഞ്ചായത്തുതല പരിപാടികൾ തയ്യാറാക്കാവുന്നതാണ്.

### 13. പട്ടികജാതി/പട്ടികവർഗ വിദ്യാർഥികൾക്ക് പ്രത്യേക പരിപാടി.

ദരിദ്രകുടുംബങ്ങളിൽപ്പെട്ട പട്ടികവിഭാഗ വിദ്യാർഥികൾക്കുവേണ്ടി ചില പ്രത്യേക പരിപാടികൾ പഞ്ചായത്തുകൾക്ക് തയ്യാറാക്കാവുന്നതാണ്. ഈ വിഭാഗക്കാരായ കുട്ടികളുടെ ഹാജർ നില മെച്ചപ്പെടുത്താനും കൊഴിഞ്ഞുപോക്ക് കുറയ്ക്കാനും ഇത്തരം പരിപാടികൾ സഹായിക്കും.

### 14. സ്പെഷ്യൽ വിദ്യാഭ്യാസം

മന്ദബുദ്ധികൾ, വികലാംഗർ എന്നീ വിഭാഗങ്ങളിൽ പെടുന്ന വിദ്യാർഥികൾക്കുള്ള വിദ്യാഭ്യാസ സൗകര്യങ്ങൾ ഇന്നുവരെ പരിമിതമാണ്. ഓരോ പഞ്ചായത്തിലും ഈ വിഭാഗം കുട്ടികൾക്കായി വിദ്യാഭ്യാസ സൗകര്യങ്ങൾ ഉണ്ടാക്കാവുന്നതാണ്.

### 15. ഭാഷാ ലബോറട്ടറി

ഭാഷാപഠനം കൂടുതൽ ഫലപ്രദമാക്കുന്നതിന് ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുകയും കുട്ടികൾക്ക് ഭാഷയോടും സാഹിത്യത്തോടും മമത വർധിപ്പിക്കുകയും ചെയ്യുന്നതിന് ഇത്തരം പരിപാടികൾ സഹായകമാകും. കഥയരങ്ങ്, കവിയരങ്ങ്, പഴഞ്ചൊൽ പയറ്റ് തുടങ്ങിയ വിവിധ പ്രവർത്തനങ്ങൾ ഇതിൻെറ ഭാഗമാക്കാം.

### 16. പഞ്ചായത്ത് പഠനയാത്ര

കുട്ടികൾക്ക് ലോകവിവരം ധാരാളമുണ്ടെങ്കിലും സ്വന്തം പഞ്ചായത്ത് പൂർണ്ണമായും കണ്ടിട്ടുള്ള കുട്ടികൾ വളരെ കുറയും. ഓരോ വിദ്യാലയ ത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട കുട്ടികളെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു പഞ്ചായത്ത് പഠനയാത്ര സംഘടിപ്പിക്കാവുന്നതാണ്. ഇതുപോലെ മറ്റു സ്ഥലങ്ങളിലേക്കും പഞ്ചായത്തുതല പഠനയാത്രകൾ സംഘടിപ്പിക്കാം.

### 17. എല്ലാ സ്കൂളിനും സ്വന്തം കെട്ടിടം

എല്ലാ സ്കൂളുകൾക്കും തൃപ്തികരവും സൗകര്യപ്രദവുമായ കെട്ടിട ങ്ങൾ ഉണ്ടാവേണ്ടത് വിദ്യാഭ്യാസ വികാസത്തിന് അത്യന്താപേക്ഷിതമാണ്. സർക്കാർ വിദ്യാലയങ്ങൾക്ക് കെട്ടിടമുണ്ടാക്കാൻ പഞ്ചായത്തിനു തന്നെ മുൻകൈ എടുക്കാം. സ്വകാര്യ വിദ്യാലയങ്ങളാണെങ്കിൽ നാട്ടുകാരുടെ കൂടി സമ്മർദം ആവശ്യമായി വരാം. ഒരു നിശ്ചിത കാലയളവിനുള്ളിൽ പഞ്ചായത്തിലെ മുഴുവൻ വിദ്യാലയങ്ങൾക്കും ആവശ്യമായത്ര നല്ല കെട്ടിടങ്ങൾ ഉണ്ടാക്കുക എന്നതാവണം ലക്ഷ്യം.

### 18. സ്കൂൾ ആരോഗ്യശുചിത്വ പരിപാടി

കുട്ടികളിൽ ശുചിത്വശീലനം വർധിപ്പിക്കുവാനും ആരോഗ്യവും ശുചിത്വവും തമ്മിലുള്ള ബന്ധം ബോധ്യപ്പെടുത്താനുമുള്ള പലവിധ പ്രവർത്തനങ്ങൾ ആവിഷ്കരിക്കാവുന്നതാണ്. ക്ലാസ് മുറി തോറും കുപ്പത്തൊട്ടി, സ്കൂൾ കമ്പോസ്റ്റുകുഴി, സ്കൂൾ ശുചീകരണസേന, പത്തുമിനിട്ടിനുള്ളിൽ എല്ലാ വിദ്യാർഥികൾക്കും മൂത്രമൊഴിക്കാൻ പറ്റുന്നവിധത്തിൽ ആവശ്യമായത്ര എണ്ണം മൂത്രപ്പുരകളുണ്ടാക്കൽ, സ്കൂൾ ഹെൽത്ത് ക്ലബ് രൂപീകരണം, സ്കൂൾ പ്രദേശത്തെ കൊതുകു നിർമാർജനത്തിനുള്ള യജ്ഞം, വ്യക്തി ശുചിത്വ പരിപാടി ഇവയൊക്കെ ഈ പരിപാടിയുടെ ഘടകങ്ങളാക്കാം.

## അനൗപചാരിക വിദ്യാഭ്യാസം

### 19. സമ്പൂർണസാക്ഷരത

നിശ്ചിത പ്രായപരിധിക്കുള്ളിൽ (60 വയസ്സ്) മുഴുവൻ ആളുകളെയും സാക്ഷരരാക്കുക എന്നതാവണം ലക്ഷ്യം.

## 20. തുടർവിദ്യാഭ്യാസം

ബഹുജനങ്ങൾക്കുള്ള തുടർവിദ്യാഭ്യാസം വളരെ പ്രസക്തിയുള്ള ഒരു മേഖലയാണ്. ഓരോ കാലഘട്ടത്തിലും സമൂഹത്തിൽ ചർച്ചാ വിഷയമാകുന്ന പലവിധ വിഷയങ്ങളെക്കുറിച്ചും സംഭവവികാസങ്ങളെക്കുറിച്ചും ഇത്തരം ക്ലാസുകളിൽ ചർച്ചകൾ നടത്താം. ഓരോ വാർഡിലും ഇത്തരം തുടർവിദ്യാഭ്യാസ കേന്ദ്രങ്ങൾ, വായനശാലകളെ കേന്ദ്രീകരിച്ച് സംഘടിപ്പിക്കാവുന്നതാണ്. ചില പ്രത്യേക വിഷയങ്ങളിൽ ഹ്രസ്വകാല കോഴ്സുകളുമാവാം.

## 21. രക്ഷാകർത്തൃ വിദ്യാഭ്യാസം

പുതിയ പാഠ്യപദ്ധതിയെക്കുറിച്ച് ധാരാളം ചർച്ചകൾ നടക്കുന്ന സമയമാണല്ലോ ഇത്. രക്ഷാകർത്താക്കൾക്ക് പുതിയ പാഠ്യപദ്ധതിയെക്കുറിച്ച് നല്ല ധാരണയുണ്ടാകേണ്ടത് ആവശ്യമാണ്. ഇതിനായുള്ള ഔദ്യോഗിക പരിപാടികൾ വളരെ പരിമിതമായേ നടക്കുന്നുള്ളൂ. അതിനാൽ, പഞ്ചായത്തു തലത്തിൽ രക്ഷാകർത്തൃ വിദ്യാഭ്യാസത്തിന് ബൃഹത്തായൊരു പരിപാടി തയ്യാറാക്കാവുന്നതാണ്.

## 22. വീഡിയോ ക്ലാസുകൾ

അനൗപചാരികവിദ്യാഭ്യാസത്തിനായി ഉപയോഗിക്കാവുന്ന നിരവധി വീഡിയോഫിലിമുകൾ ഇന്ന് ലഭ്യമാണ്. ഇത്തരം ഫിലിമുകൾ ഉപയോഗിച്ച് തുടർവിദ്യാഭ്യാസ കേന്ദ്രങ്ങളിലും വായനശാലകളിലും മറ്റും ചർച്ചാക്ലാസുകൾ സംഘടിപ്പിക്കാം. ഓരോ മാസത്തിലും ഒന്ന് എന്ന രീതിയിൽ പഞ്ചായത്തിലെ തെരഞ്ഞെടുക്കപ്പെട്ട പത്തോ ഇരുപതോ കേന്ദ്രങ്ങളിൽ ക്ലാസുകൾ സംഘടിപ്പിക്കാം.

മേൽക്കൊടുത്തവ ഏതാനും ഉദാഹരണങ്ങൾ മാത്രം. ലിസ്റ്റ് ഇനിയും നീട്ടാം. ഇവയെല്ലാം ഓരോ പഞ്ചായത്തിലും ചെയ്യാൻ കഴിയണമെന്നില്ല. അതിൻെറ ആവശ്യവുമില്ല. നേരത്തെ സൂചിപ്പിച്ച രീതിയിൽ പഞ്ചായത്തിൻെറ വിദ്യാഭ്യാസ സ്ഥിതി വസ്തുനിഷ്ഠമായി വിലയിരുത്തുകയും പഞ്ചായത്തിൻെറ വിദ്യാഭ്യാസ പരിപ്രേക്ഷ്യം രൂപപ്പെടുത്തുകയും ചെയ്തതിനുശേഷം അതിൻെറ അടിസ്ഥാനത്തിൽ ആവശ്യമായ പ്രവർത്തന പരിപാടികൾ ആവിഷ്കരിച്ചു നടപ്പാക്കുകയാണ് വേണ്ടത്. വിദ്യാഭ്യാസ മേഖലയിൽ പുതുതായി ലഭിച്ച അധികാരം വിനിയോഗിക്കേണ്ടത്, സാമൂഹ്യവിപ്ലവത്തിന് ഏറ്റവും ഫലപ്രദമായി പ്രയോജനപ്പെടുത്താവുന്ന ഒരു മേഖലയാണ് വിദ്യാഭ്യാസമെന്ന് മനസ്സിലാക്കിക്കൊണ്ടും വിദ്യാഭ്യാസ രംഗത്തെ പ്രവർത്തനങ്ങളിൽ സാമൂഹ്യ നിയന്ത്രണം തുടർച്ചയായി വർധിപ്പിച്ചുകൊണ്ടുമാണ്. അധ്യാപകരും രക്ഷിതാക്കളും ജനപ്രതിനിധികളും ഒത്തൊരുമിച്ചുള്ള കൂട്ടായ്മയ്ക്കേ ഈ ലക്ഷ്യം നേടാനാകൂ. അതിനു നേതൃത്വം നൽകുക എന്നുള്ളതാണ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പുതിയ കടമ.

തദ്ദേശഭരണ സ്ഥാപനങ്ങളും വിദ്യാഭ്യാസവും ● പ്രസാധനം, വിതരണം: കേരള ശാസ്ത്രസാഹിത്യ പരിഷത്ത്, കൊച്ചി-24 ● ലിപിവിന്യാസം: മാക്സ്‌വെൽ ഗ്രാഫിക്സ്, എറണാകുളം. ● അച്ചടി: കേരള ടൈംസ്, എറണാകുളം ● വില 3 രൂപ

KSSP 0911 1E Dy 1/8 APR '99 15K 0300 LL6/99